# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 446

## 28.02.2017 ലെ മറുപടിക്ക്

## <u>അസറ്റ് ഡവലപ്മെന്റ് പോർട്ടൽ</u>

| | ചോദ്യം<br>ഡോ. എൻ.ജയരാജ്<br>ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.മോൻസ് ജോസഫ്<br>ശ്രീ.സി.എഫ്.തോമസ് | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ട് ചെലവഴിക്കുന്നതിന് തയ്യാറാക്കിയ വെബ്സൈറ്റിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | ഉണ്ട്. |
| (ബി) | ഉദ്യോഗസ്ഥർക്ക് ഇത് സംബന്ധിച്ച് എത്ര ദിവസത്തെ പരിശീലനമാണ് നൽകിയത്; ഇത് പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കാമോ; | ഉദ്യോഗസ്ഥർക്ക് ബാച്ചുകളിലായി 5 തവണ പരിശീലനം നൽകിയിട്ടുണ്ട്. പരിശീലനം പര്യാപ്തമാണെന്ന് കരുതുന്നു. ആവശ്യകത അനുസരിച്ച് പരിശീലനം തുടർന്നും നൽകുന്നതാണ്. |
| (സി) | വിഭാവനം ചെയ്ത പ്രകാരം, ഒരു പ്രവൃത്തിയുടെ എസ്റ്റിമേറ്റ് എടുക്കുന്നതിന് പൂർണമായും ഓൺലൈനായി പ്രോസസ് ചെയ്യാൻ സാധിക്കുന്നുണ്ടോ; ഏതൊക്കെ വകുപ്പിൽ ഇത്തരം പ്രോസസിങ് സാധ്യമാകുന്നുണ്ട്; വ്യക്തമാക്കാമോ; | എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള 'PRICE' സോഫ്റ്റ് വെയറിലാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നത്. ആസ്തി വികസനത്തിന്റെ പോർട്ടലിൽ എസ്റ്റിമേറ്റ് സഹിതം ലഭ്യമാകുന്ന ശുപാർശകളാണ് പരിശോധിക്കുന്നത്. |
| (ഡി) | എല്ലാ വകുപ്പുകളും പൂർണമായും ഓൺലൈൻ സംവിധാനത്തിൽ വരാതെ പ്രസ്തുത സംവിധാനം എത്രത്തോളം വിജയകരമാക്കുവാൻ സാധിക്കുമെന്നാണ് കരുതുന്നത്; വ്യക്തമാക്കാമോ; | ആസ്തി വികസന ഫണ്ടിന്റെ ഫയലുകൾ കൈകാര്യം ചെയ്യുന്ന ഓൺലൈൻ സോഫ്റ്റ് വെയർ സംവിധാനം ഇപ്പോൾ അതിന്റെ ആരംഭദശയിലാണ്. ധനകാര്യ വകുപ്പിലും പദ്ധതികൾ നടപ്പാക്കുന്ന ഭരണവകുപ്പുകളിലും സോഫ്റ്റ് വെയർ സംവിധാനം ഉപയോഗിച്ചാണ് ഇപ്പോൾ ഫയലുകൾ കൈകാര്യം ചെയ്തു വരുന്നത്. ഘട്ടം ഘട്ടമായി നിർവ്വഹണ വകുപ്പുകളിലേക്കും ഓൺലൈൻ സോഫ്റ്റ് വെയർ സംവിധാനം ഏർപ്പെടുത്തുന്നതാണ്. |
| (ഇ) | എല്ലാ വകുപ്പുകളും പൂർണമായും ഓൺലൈനിൽ ഫയൽ പ്രോസസിംഗ് നടത്തുന്നതിനുള്ള ക്രമീകരണം അടിയന്തരമായി ഏർപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ? | |

Slathal

**സെക്ഷൻ ഓഫീസർ**